പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 119** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>ബേപ്പൂർ തുറമുഖ നവീകരണ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ബേപ്പൂർ തുറമുഖത്തിന്റെ സമഗ്ര നവീകരണത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കേരള മാരിടൈം ബോർഡിന്റെ കിഴിലുള്ള കൊല്ലം, ബേപ്പൂർ എന്നീ തുറമുഖങ്ങൾ പി.പി.പി മാതൃകയിൽ വികസിപ്പിക്കുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു (G.O(Ms)No.2/2026/F&P dated 13.02.2026). പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രകാരം ബേപ്പൂർ തുറമുഖം വി.പി.പി മാതൃകയിൽ വികസിപ്പിക്കുന്നതിനായി താല്പര്യപത്രം ക്ഷണിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

ബേപ്പൂർ തുറമുഖത്തിന്റെ സമഗ്ര വികസനത്തിനായി നടത്തിവരുന്ന മറ്റ് നവീകരണ പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ :

1. ബേപ്പൂർ തുറമുഖത്ത് കാന്റീൻ കം ഡോർമിറ്ററി സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്.

2. നിലവിലുള്ള വാർഫ് 150 മീറ്റർ വർദ്ധിപ്പിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് സാഗർ മാലയിൽ നിന്നും, സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി CSIR-NIIST മുഖേന പാരിസ്ഥിതിക പഠനം നടത്തിവരുന്നു.

3. മെക്കാനിക്കൽ എൻജിനിയറിങ് വർക്ക് ഷോപ്പ് ആധുനികവൽക്കരണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്.

4. ബേപ്പൂർ തുറമുഖത്ത് Fire Fighting System സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകിയ മുറയ്ക്ക് M/s United Electrical Industries Ltd. എന്ന സ്ഥാപനവുമായി ട്രൈപാർട്ടി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്.

5. ഓപ്പൺ ഗോഡൗണിലെ ഡ്രൈനേജ് ലീക്ക് പരിഹരിക്കുന്നത്, പഴയ വാർഫിൽ മഴവെള്ളം കെട്ടി കിടക്കുന്നത് എന്നിവ പരിഹരിക്കുന്നതിനായി ഭരണാനുമതി അനുവദിക്കുകയും ഹാർബർ എൻജിനീയറിങ് വകുപ്പ് മുഖാന്തിരം ടി പ്രവൃത്തി പുരോഗമിച്ചു വരികയുമാണ്.

6. മൊബൈൽ ക്രെയിനുകൾ പാർക്ക് ചെയ്യുന്നതിനായി ഷെഡ് നിർമ്മിക്കുന്നതിനും ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. ഹാർബർ എൻജിനീയറിങ് വകുപ്പ് കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുമുണ്ട്. ടി പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.

**(ബി)** തുറമുഖത്തിന്റെ ഡ്രഡ്ജിംഗിനായി അനുവദിച്ച പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും ടി പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**മറുപടി:** ബേപ്പൂർ ക്യാപിറ്റൽ ഡ്രഡ്ജിങ് എന്ന പദ്ധതിക്ക് **07/11/2022** ലെ സ.ഉ.**(**സാധാ**)758/2022/** മതുവ പ്രകാരം **11.80** കോടി രൂപയുടെ ഭരണാനുമതിയും ഫണ്ടും അനുവദിച്ചിട്ടുണ്ട്**.** പ്രവൃത്തി **11/05/2023** ൽ ആരംഭിച്ചുവെങ്കിലും ഹാർഡ് ലാറ്ററൈറ്റിന്റെ സാന്നിധ്യം കാരണം**,** ഗ്രാബ് ഡ്രഡ്ജർ ഉപയോഗിച്ച് ഡ്രഡ്ജിംഗ് തുടരുവാൻ കഴിഞ്ഞില്ല**.** ആയതിനാൽ **12/10/2023** മുതൽ ഡ്രഡ്ജിംഗ് നിർത്തിവച്ചിരിക്കുകയാണ്**.** ഹാർഡ് ലാറ്ററൈറ്റ് ഉൾപ്പെടെ നീക്കം ചെയ്ത് ഡ്രഡ്ജിങ് തുടരേണ്ടതുണ്ട്**.** ലാറ്ററൈറ്റ് നീക്കം ചെയ്ത് കൊണ്ട് ആഴം **5.5** മീറ്റർ വരെ വർദ്ധിപ്പിക്കുന്നതിന്**, 82.80** കോടി രൂപയുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചിട്ടുണ്ട്**.** ബേപ്പൂർ ഡ്രഡ്ജിംഗ് പ്രവൃത്തി സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി **50%** കേന്ദ്രസഹായം ലഭ്യമാക്കുന്നതിന് പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ട് സഹിതം പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് പാരിസ്ഥിതിക ആഘാത പഠനം നടത്തുന്നതിനായി **Council of Scientific Researh-National Institute for Interdisciplinary Science and Technology (CSIR-NIIST)** യെ ചുമതലപ്പെടുത്തിയിരിക്കുകയാണ്**. EIA Study** പൂർത്തിയാക്കുന്നതിന് **NIIST** ന് **15.06.2026** വരെ നിലവിൽ സമയം അനുവദിച്ചു നൽകിയിരുന്നു**. CSIR-NIIST** ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ചതിനെ തുടർന്ന്**,** കേന്ദ്ര പരിസ്ഥിതി**,** വനം**,** കാലാവസ്ഥാ വ്യതിയാന മന്ത്രാലയം **27.01.2026**ൽ **ToR** അപ്രൂവ് ചെയ്തു നൽകിയിട്ടുണ്ട്**.** പരിസ്ഥിതി ആഘാത പഠനവുമായി ബന്ധപ്പെട്ട തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഇനിയും **6** മാസം കൂടി സമയം ദീർഘിപ്പിച്ചു നൽകണമെന്ന് **NIIST** അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്**. EIA Study** റിപ്പോർട്ട് പൂർത്തിയാക്കി **SEIAA** യ്ക്ക് സമർപ്പിച്ച് **Environmental Clearance and Coastal Regulatory Zone (CRZ)** ക്ലിയറൻസ് ലഭ്യമാക്കേണ്ടതുണ്ട്**.** ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഡ്രഡ്ജിംഗ് പ്രവൃത്തി പുനരാരംഭിക്കുന്നതാണ്**.**

**സെക്ഷൻ ഓഫീസർ**